**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട കോടതി സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട കോടതി സമുച്ചയത്തിനായി ആകെ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും പൂർത്തീകരണം സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ; | (എ) | കാട്ടാക്കടയിലെ കോടതി സമുച്ചയത്തിന്റെ ഒന്നാംഘട്ടനിർമ്മാണത്തിന് 310 ലക്ഷം രൂപയും രണ്ടാംഘട്ട നിർമ്മാണത്തിന് 525 ലക്ഷം രൂപയും മൂന്നാംഘട്ട നിർമ്മാണത്തിന് 1244 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2079 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളുടെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ടി സമുച്ചയത്തിന് എത്ര നിലകളാണെന്നും അതിന്റെ വിസ്തീർണ്ണം, മറ്റ് സൗകര്യങ്ങൾ, അനുവദിച്ച കോടതികൾ എന്നിവ സംബന്ധിച്ചുള്ള പൂർണമായ വിവരങ്ങളും ലഭ്യമാക്കാമോ? | (ബി) | കാട്ടാക്കടയിലെ കോടതി സമുച്ചയം ആറ് നിലകളായുള്ള കെട്ടിടമായി (ഗ്രൗണ്ട്+5 നിലകൾ) 4342.19 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മിക്കാനാണുദ്ദേശിക്കുന്നത്. അഞ്ച് കോടതിഹാളുകളും കോടതിയുടെ പ്രവർത്തിനത്തിനാവശ്യമായ മറ്റ് അനുബന്ധസൗകര്യങ്ങളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ